കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഞീഴൂർ ഗ്രാമപഞ്ചായത്ത് - പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് വാങ്ങിയ ആംബുലൻസിന്റെ അനുബന്ധ ചിലവുകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നോ, പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയോ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2359/14/തസ്വഭവ തിരുവനന്തപുരം, തീയതി : 05/09/2014.

പരാമർശം: 1) സ.ഉ.(സാധാ)735/13/തസ്വഭവ തീയതി 22/03/13.
2) ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 03.06.14 - ലെ– 2-ാം നമ്പർ തീരുമാനം.
3) 09/07/2014 - ലെ ഇനം 3.24 ആയുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

## ഉത്തരവ്

പരാമർശം 1 - ലെ സർക്കാർ ഉത്തരവ് പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.

പരാമർശം 2 - ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ആംബുലൻസിന്റെ ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകളും ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നോ, പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിനു അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

പരാമർശം (3) ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. വത്സല
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഞീഴൂർ ഗ്രാമപഞ്ചായത്ത്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (LBA&A), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ